# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2405** | 09.12.2014 ൽ മറുപടി പറയേണ്ടിയിരുന്നത് |

## നികുതി വരുമാനങ്ങളുടെ സ്റ്റേ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | | **ഡോ. ടി.എം.തോമസ് ഐസക്** **(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ലഭിക്കേണ്ട വിവിധ നികുതി വരുമാനങ്ങൾക്ക് സർക്കാർ നൽകിയ സ്റ്റേ കാരണം എന്ത് തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 31.03.2014-ലെ കണക്കനുസരിച്ച് നികുതി വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാണിജ്യ നികുതിയിനത്തിൽ 230.19 കോടി രൂപയുടെ സർക്കാർ സ്റ്റേ (ഇൻസ്റ്റാൾമെന്റ് ഒഴികെ) കൊടുത്തിട്ടുണ്ട്. ലാന്റ് റവന്യൂ ഇനത്തിൽ സർക്കാർ നൽകിയ സ്റ്റേ ഇനത്തിൽ 40.79 കോടി രൂപയാണ് ഉൾപ്പെട്ടിരിക്കുന്നത്. മോട്ടോർ വാഹനം, എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടില്ല. |
| (ബി) | ഉപാധികളോടെയുള്ള സ്റ്റേ മുഖാന്തരവും ഉപാധിരഹിത സ്റ്റേ മുഖാന്തരവും എത്ര തുകകളാണ് പിരിഞ്ഞുകിട്ടാനുള്ളതെന്ന് പ്രത്യേകം വ്യക്തമാക്കുമോ? | (ബി) | ഉപാധികളോടെയുള്ള സ്റ്റേ മുഖാന്തിരം റവന്യൂ വകുപ്പിന് 6,61,44,710/- രൂപയും വാണിജ്യ നികുതി വകുപ്പിന് 61.06 കോടി രൂപയും. തദ്ദേശസ്വയംഭരണ വകുപ്പിൽ നീലേശ്വരം നഗരസഭയ്ക്ക് 90,487/- രൂപയും പിരിഞ്ഞു കിട്ടാനുണ്ട്. ഉപാധിരഹിത സ്റ്റേ മുഖാന്തിരം റവന്യൂ വകുപ്പിന് 3,03,32,652/- രൂപ പിരിഞ്ഞു കിട്ടാനുണ്ട്. |

സെക്ഷൻ ഓഫീസർ